"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഡോ.മുനവർ റഹിമാൻ, അസിസ്റ്റന്റ് സർജൻ, ജനറൽ ആശുപത്രി, കോഴിക്കോട്-നെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2160/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:-
1. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 16.06.2023 ലെ CA 86/2023 നമ്പർ കത്ത്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.09.2023 ലെ ഇ.എം6-17259/2023 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 09.10.2023 ലെ LSGD/PD/58012/2023-DEA5 നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യവകുപ്പിൽ കോഴിക്കോട് ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോ.മുനവർ റഹിമാൻ എന്നവരെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലേയ്ക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം 1 പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ ആവശ്യപ്പെട്ടിരുന്നു. ടിയാൻ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിൽ അന്യത്ര സേവനത്തിനായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രം സഹിതം പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടേയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും ശിപാർശയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും കോഴിക്കോട് ജനറൽ ആശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ.മുനവർ റഹിമാൻ-നെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ കേരള സേവന ചട്ടങ്ങൾ ഭാഗം I ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം.

മേയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ഡോ.മുനവർ റഹിമാൻ,അസിസ്റ്റന്റ് സർജൻ, കോഴിക്കോട് ജനറൽ ആശുപത്രി,

(ഡയറക്ടർ,ആരോഗ്യവകുപ്പ്,തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

I/103546/2023

**മേലെഴുത്തു നം .ഇഎ6 17259/2023 ആവഡ. തിയതി . 06.11.2023**

ഡോ. മുനവർ റഹിമാൻ നു അന്യത്രസേവനം അനുവദിച്ചു ഉത്തരവായിട്ടിട്ടുണ്ട് ആയതു മെഡിക്കൽ ഓഫീസറുടെ അറിവിലേക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ് .

**Signed by Sherly S S**
**Date: 06-11-2023 16:41:04**
**Reason: Approved**

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി